**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 968** — **02-02-2026 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളുടെ കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ ഒ . ആർ. കേളു (പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ലഭിക്കുന്ന ധനസഹായങ്ങൾ പലതും കുടിശ്ശികയായിരിക്കുന്നുവെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് അനുവദിച്ചു വരുന്നുണ്ട്. |
| (ബി) | മലപ്പുറം ജില്ലയിൽ ഏകവരുമാനദായകന്റെ മരണം മൂലം ആശ്രിതർക്ക് നൽകുന്ന ധനസഹായത്തിന് എത്ര കുടിശ്ശികയുണ്ടെന്ന് ബ്ലോക്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (ബി) | മലപ്പുറം ജില്ലയിൽ ഏകവരുമാനദായകന്റെ മരണം മൂലം ആശ്രിതർക്ക് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന അനുവദിക്കുന്ന ധനസഹായത്തിന് രണ്ട് ഗുണഭോക്താക്കൾക്കായി 4 ലക്ഷം രൂപ കുടിശ്ശികയുണ്ട്. ബ്ലോക്ക് തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.<br><br>കാളികാവ് - 2,00,000/-<br><br>നിലമ്പൂർ - 2,00,000/-<br><br>പട്ടികജാതി വികസന വകുപ്പ് മുഖേന അനുവദിക്കുന്ന ധനസഹായത്തിന്റെ കുടിശ്ശിക സംബന്ധിച്ച വിശദാംശം **അനുബന്ധം-1** ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത സമുദായത്തിലെ മിശ്രവിവാഹിതർ, വിവാഹം എന്നിവയ്ക്കുള്ള ധനസഹായത്തിന് ജില്ലയിൽ എത്ര കുടിശ്ശികയുണ്ടെന്ന് ബ്ലോക്ക് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ; | (സി) | വിവാഹ ധനസഹായം, മിശ്രവിവാഹ ധനസഹായം, വിദേശ തൊഴിൽ സഹായം എന്നിവ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ വഴിയും നൽകുന്നതിന് അനുമതി നൽകുകയുണ്ടായി. അപ്രകാരമുള്ള അപേക്ഷകളുടെ വിവരങ്ങൾ കൂടി ശേഖരിച്ച് കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കുന്നതാണ്. |
| (ഡി) | ഈ സാമ്പത്തിക വർഷം സമുദായ അംഗങ്ങളുടെ വീട് അറ്റകുറ്റ പ്രവൃത്തി നടത്തുന്നതിനുള്ള സെയ്ഫ് (SAFE) പദ്ധതിക്കുള്ള സഹായത്തിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അപേക്ഷ ക്ഷണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ? | (ഡി) | പട്ടികജാതി വികസന വകുപ്പിൽ 2025-26 സാമ്പത്തിക വർഷം പുതിയ അപേക്ഷകൾ ക്ഷണിച്ചിട്ടില്ല. 2022-23 സാമ്പത്തികവർഷം ടി പദ്ധതി ആരംഭിച്ച കാലയളവിൽ പത്ര മാധ്യമങ്ങളിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച ലഭ്യമായ അപേക്ഷകൾ ഉൾപ്പെടുത്തി മാസ്റ്റർ ലിസ്റ്റ് തയ്യാറാക്കുകയും ടി ലിസ്റ്റിൽ നിന്നും തുടർന്നുള്ള വർഷങ്ങളിൽ ധനസഹായം അനുവദിക്കുകയുമാണ് ചെയ്തുവരുന്നത്. |

| | | | |
|---|---|---|---|
| | | | മാസ്റ്റർ ലിസ്റ്റിൽ ഇനിയും ആനുകൂല്യം അനുവദിക്കാൻ അപേക്ഷകൾ അവശേഷിക്കുന്നതിനാലാണ് പുതിയ അപേക്ഷകൾ ക്ഷണിക്കാത്തത്.<br><br>പട്ടികവർഗ്ഗ വികസന വകുപ്പിൽ 2025-26 സാമ്പത്തിക വർഷം സേഫ് പദ്ധതിയിലുൾപ്പെടുത്തി ധനസഹായം അനുവദിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.<br><br>മാസ്റ്റർ ലിസ്റ്റിൽ അപേക്ഷകരില്ലാത്ത ബ്ലോക്കുകളിൽ ഈ വർഷവും അപേക്ഷ ക്ഷണിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| ക്രമ നമ്പർ | ബ്ലോക്ക്/നഗരസഭ | വിതരണം ചെയ്യാനുള്ള തുക (ഗുണഭോക്താക്കളുടെ എണ്ണം) |
|---|---|---|
| 1 | പെരിന്തൽമണ്ണ | 42,00,000/ (21) |
| 2 | പൊന്നാനി | 20,00,000/ (10) |
| 3 | കൊണ്ടോട്ടി | 26,00,000/ (13) |
| 4 | താനൂർ | 4,00,000/ (2) |
| 5 | കുറ്റിപ്പുറം | 18,00,000/ (9) |
| 6 | പെരുമ്പടപ്പ് | 32,00,000/ (16) |
| 7 | മലപ്പുറം | 8,00,000/ (4) |
| 8 | വേങ്ങര | 10,00,000/ (5) |
| 9 | തിരൂർ | 10,00,000/(5) |
| 10 | വണ്ടൂർ | 18,00,000/ (9) |
| 11 | കാളികാവ് | 22,00,000/ (11) |
| 12 | തിരൂരങ്ങാടി | 18,00,000/ (9) |
| 13 | പൊന്നാനി നഗരസഭ | 4,00,000/ (2) |
| 14 | മങ്കട | 8,00,000/ (4) |
| 15 | മഞ്ചേരി നഗരസഭ | 12,00,000/ (6) |
| 16 | അരീക്കോട് | 30,00,000/ (15) |
| 17 | നിലമ്പൂർ | 12,00,000/ (6) |

Anju. K. R

സെക്ഷൻ ഓഫീസർ